**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 1905**

**25.03.2013-ൽ മറുപടിക്ക്.**

# പടക്കശാലകൾക്ക് ലൈസൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പടക്കശാലകൾക്ക് ലൈസൻസ് നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരമുള്ള നിബന്ധനകൾ വിശദമാക്കുമോ; | : (എ) പടക്കശാലകൾക്ക് ലൈസൻസ് നൽകുന്നത് 1884-ലെ സ്ഫോടകവസ്തു നിയമവും 2008-ലെ സ്ഫോടക വസ്തു ചട്ടവും പ്രകാരമാണ്. |
| (ബി) ലൈസൻസ് നൽകിയിട്ടുള്ള പടക്കശാലകളിൽ നിയമാനു-സൃതമായ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് നിലവിലുള്ളത് എന്നറിയിക്കാമോ; | : (ബി) സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്ന ഇടങ്ങളിൽ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി, ജില്ലാ കളക്ടർമാർ എന്നിവർക്ക് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്ഫോടകവസ്തുക്കൾ സൂക്ഷിക്കുന്ന ഇടങ്ങളിൽ പരിശോധന നടത്തുന്നതിനും അനുവദനീയമായ സ്ഫോടക വസ്തുക്കളുടെ അളവ് ഉറപ്പ് വരുത്തുന്നതിനും സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തുന്ന-തിനുമായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ജില്ലാ പോലീസ് മേധാവിമാർ നിയോഗിക്കുന്ന ഉദ്യോഗസ്ഥർ അവരവരുടെ അധികാര പരിധിയിൽ വരുന്ന ഇത്തരം സ്ഥലങ്ങളിൽ |

(മറുപുറം)

ആകസ്മികമായ പരിശോധന ഉൾപ്പെടെയുള്ളവ നടത്തുകയും ലൈസൻസ്, സ്ഫോടക വസ്തുക്കളുടെ അളവ്, ജോലിക്കാരുടെ എണ്ണം സുരക്ഷാ സംവിധാനം, ചുറ്റുപാടുകളുടെ നിരീക്ഷണം എന്നിവ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകി അപകട സാദ്ധ്യത ഇല്ലായെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. കൂടാതെ നിലവിലുള്ള പരിശോധനകൾ കൂടുതൽ ശക്തമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) സംസ്ഥാനത്ത് എത്ര പടക്ക-ശാലകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;<br><br>(ഡി) നിയമാനുസൃത വ്യവസ്ഥകൾ പാലിക്കാത്ത എത്ര പടക്കശാലകളുടെ ലൈസൻസ് ഈ സർക്കാർ റദ്ദാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ? | : (സി) & (ഡി)<br><br>സംസ്ഥാനത്ത് ലൈസൻസ് നൽകിയിട്ടുള്ള പടക്കശാലകളുടെയും റദ്ദുചെയ്ത പടക്കശാലകളുടെയും ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു: |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | ലൈസൻസ് നൽകിയിട്ടുളള പടക്ക നിർമ്മാണ ശാലകൾ | റദ്ദ് ചെയ്തവ |
|---|---|---|
| തിരുവനന്തപുരം | 23 | ഇല്ല |
| കൊല്ലം | 5 | ഇല്ല |
| പത്തനംതിട്ട | ഇല്ല | ഇല്ല |
| ആലപ്പുഴ | 16 | 2 |
| കോട്ടയം | 12 | 3 |
| ഇടുക്കി | ഇല്ല | ഇല്ല |
| എറണാകുളം | 40 | 1 |
| തൃശ്ശൂർ | 18 | 1 |
| പാലക്കാട് | 08 | 09 |
| മലപ്പുറം | 4 | ഇല്ല |
| കോഴിക്കോട് | 18 | ഇല്ല |
| വയനാട് | ഇല്ല | ഇല്ല |
| കണ്ണൂർ | 3 | ഇല്ല |
| കാസർഗോഡ് | 1 | ഇല്ല |

സെക്ഷൻ ഓഫീസർ